Draft #1 of File 134122/AC B7-3/2021/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 08-Oct-2021 04:30 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലും പ്രവേശന മാനദണ്ഡമായി ഇൻറ്റർവ്യൂ നിശ്ചയിച്ചിരുന്ന പ്രോഗ്രാമുകളിൽ എം.എ സോഷ്യൽ വർക്ക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ പ്രോഗ്രാം ഒഴിച്ചുള്ള പ്രോഗ്രാമുകളിലേക്ക് നിലവിലുള്ള കോവിഡ് 19 സാഹചര്യം പരിഗണിച്ച് ഇൻറ്റർവ്യൂ ഒഴിവാക്കിക്കൊണ്ട് പ്രവേശന പരീക്ഷയുടെ മാർക്കിൻറെ മാനദണ്ഡത്തിൽ മാത്രം പ്രവേശനം നടത്തുവാനും സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസിൽ നടത്തുന്ന മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് പ്രോഗ്രാമിലേക്ക് ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റ് ഒഴിവാക്കിക്കൊണ്ട് പ്രവേശന പരീക്ഷയുടെയും സ്പോർട്ട്സ് അച്ചീവ്മെൻറ്റിന് നൽകുന്ന വെയ്റ്റേജ് മാർക്കിൻറെ അടിസ്ഥാനത്തിലും നടത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5324/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.10.2021

---

*പരാമർശം:*-(1) നം. വി.സി 702/2/134/2021 തീയതി 06.10.2021 പ്രകാരം രജിസ്ട്രാർക്കുള്ള കുറിപ്പ്

(2) സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് ആൻഡ് റോബോട്ടിക്സ് പഠന വകുപ്പ് ഡയറക്ടർ ബഹു.വൈസ് ചാൻസലർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ.

(3)നം.SPESS/2/Admission/MPES/2021 തീയതി 07.10.2021 ആയി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസ് ഡയറക്ടർ ബഹു.വൈസ് ചാൻസലർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ അക്കാദമിക പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് പൊതു പ്രവേശന പരീക്ഷയ്ക്കൊപ്പം പ്രവേശന മാനദണ്ഡമായി ഇൻറ്റർവ്യൂ നിശ്ചയിച്ചിരുന്ന താഴെ പറയുന്ന പഠന വകുപ്പുകളിൽ നടത്തുന്ന പ്രോഗ്രാമുകളിലേക്ക് , നിലവിലുള്ള കോവിഡ് -19 സാഹചര്യം പരിഗണിച്ച് ഇൻറ്റർവ്യൂ ഒഴിവാക്കികൊണ്ട് പ്രവേശന പരീക്ഷയുടെ മാർക്കിൻറെ മാനദണ്ഡത്തിൽ മാത്രം പ്രവേശനം നടത്തുവാൻ താഴെ പറഞ്ഞിരിക്കുന്ന പഠന വകുപ്പുകൾ അനുമതി തേടിയിരുന്നു.വൈസ് ചാന്സിലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ ഈ അപേക്ഷകൾ മഹാത്മാ ഗാന്ധി സർവകലാശാലാ ആക്ട് 1985 അധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചിരുന്നു. ഇതു പ്രകാരം പരാമർശം (1) കുറിപ്പ് ബഹു.വൈസ് ചാൻസലറുടെ ഓഫീസിൽ നിന്നും തുടർ നടപടികൾക്കായി നൽകിയിരുന്നു.അപേക്ഷ നൽകിയ പഠന വകുപ്പുകളുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| SI No. | Name of the School/Department/Centre |
|---|---|

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | |
|---|---|
| 1 | School of Environmental Sciences |
| 2 | School of Mathematics & Statistics and School of Data Analytics |
| 3 | School of Gandhian Thought and Development Studies |
| 4 | School of Nano Science and Nano Technology |
| 5 | School of Bioscience |
| 6 | National Institute of Plant Science Technology |
| 7 | School of Food Science and Technology |
| 8 | K.N Raj Centre for Planning & Centre State Financial Relations |
| 9 | School of International Relations and Politics |
| 10 | School of Pure and Applied Physics |

മേൽ പറഞ്ഞിട്ടുള്ള പഠന വകുപ്പുകൾ കൂടാതെ പരാമർശം (2) പ്രകാരം സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് ആൻഡ് റോബോട്ടിക്സ് പഠന വകുപ്പ് ഡയറക്ടറും കോവിഡ് 19 സാഹചര്യം പരിഗണിച്ച് ഇൻറ്റർവ്യൂ ഒഴിവാക്കുവാൻ ബഹു.വൈസ് ചാൻസലർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ പരാമർശം (3) പ്രകാരം കോവിഡ് 19 സാഹചര്യം പരിഗണിച്ച് ഫിസിക്കൽ ഫിറ്റ്നെസ്സ് ടെസ്റ്റ് ഒഴിവാക്കുവാനും പ്രവേശനം എൻടൻസ് പരീക്ഷയുടെ മാർക്കിന്റെയും സ്പോർട്ട്സ് അച്ചീവ്മെന്റിന് നൽകുന്ന വെയിറ്റേജ് മാർക്കിന്റെ അടിസ്ഥാനത്തിലും നടത്തുവാൻ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്ട്സ് സയൻസസ് ഡയറക്ടർ ബഹു.വൈസ് ചാൻസലർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ അപേക്ഷകളും വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3,വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

Draft #1 of File 134122/AC B7-3/2021/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 08-Oct-2021 04:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1 ) എല്ലാ പഠന വകുപ്പ്/ ഇൻറ്റർ സ്കൂൾ സെൻറ്റർ മേധാവിമാർക്ക്

(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് )

(6) CAT 2021 മോണിറ്ററിംഗ് സമതി അംഗങ്ങൾ

(7) പി.ആർ.ഒ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 134122/AC B7-3/2021/VC SECTION Approved by ASSISTANT REGISTRAR IV (ACADEMIC) on 08-Oct-2021 04:30 PM - Page 3